# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.11.2024**

## പ്രധാനവാർത്തകൾ

1) രാഷ്ട്രപതി ദ്രൗപദി മുർമു നാല് ദിവസത്തെ സന്ദർശനത്തിനായി തമിഴ്നാട്ടിലെത്തി.

2) രാജ്യം ശൈശവ വിവാഹരഹിതമാക്കുന്നത് ലക്ഷ്യമിട്ടുള്ള ദേശീയ യജ്ഞത്തിന് കേന്ദ്ര മന്ത്രി അന്നപൂർണാ ദേവി തുടക്കം കുറിച്ചു.

3) കുറഞ്ഞ ചെലവിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്ക് കെ എസ് ആർ ടി സി സൗകര്യമൊരുക്കിയതായി മന്ത്രി കെ ബി ഗണേഷ് കുമാർ.

4) സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടി മിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

5) ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുഹമ്മദൻ എസ്.സി ബെംഗളൂരു എഫ്.സി പോരാട്ടം.

&&&&&&&&&&&&&&&

RNJ TVPM

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമു നാല് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനായി കോയമ്പത്തൂരിലെത്തി. നാളെ ഊട്ടിയിലെ വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നീലഗിരി ജില്ലയിലെ ആദിവാസി വനിതാ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുമായി രാഷ്ട്രപതി സംവദിക്കും. രാഷ്ട്രപതിയുടെ സന്ദർശനം കണക്കിലെടുത്ത് കോയമ്പത്തൂരിലും ഊട്ടിയിലും പരിസരങ്ങളിലും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&

## അന്നപൂർണ ദേവി യജ്ഞം

ബാൽ വിവാഹ് മുക്ത് ഭാരത് ദേശീയ യജ്ഞത്തിന് രാജ്യത്ത് തുടക്കമായി. ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രി അന്നപൂർണാ ദേവി യജ്ഞത്തിനു തുടക്കം കുറിച്ചു. ഇന്ത്യയെ ശൈശവ വിവാഹ രഹിത രാഷ്ട്രമാക്കുക എന്നതാണ് പരിപാടിയുടെ പ്രഥമ ലക്ഷ്യം. ചടങ്ങിൽ ശൈശവ വിവാഹ രഹിത ഭാരത് പോർട്ടലിന്റെ അനാച്ഛാദനം കേന്ദ്ര മന്ത്രി നിർവഹിച്ചു. ബോധവൽക്കരണം, ശൈശവ വിവാഹം തടയൽ, ശൈശവ വിവാഹ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യൽ എന്നിവയെ പിന്തുണയ്ക്കുന്നതിനാണ് ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിരിക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&

## പാർലമെന്റ്

പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരെയുള്ള കൈക്കൂലി ആരോപണം, ഉത്തർപ്രദേശിലെയും മണിപ്പൂരിലെയും അക്രമം

ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പാർലമെൻറിൻറെ ഇരുസഭകളും ഇന്ന് സ്തംഭിച്ചു. പ്രതിപക്ഷ ബഹളത്തിനിടെ രാജ്യസഭയും ലോക്സഭയും ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&

## കെ.എസ്.ആർ.ടി.സി (ഇൻട്രോ)

സ്കൂൾ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ പഠനയാത്രയ്ക്ക് കെ എസ് ആർ ടി സി സൗകര്യമൊരുക്കുമെന്ന് മന്ത്രി കെ ബി ഗണേഷ്കുമാർ. വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള പ്രത്യേക പരിപാടിയാണ് തയ്യാറാക്കിയിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് -വോയിസ്)

&&&&&&&&&&&&&&&

## റോഡ് -നിർമാണോദ്ഘാടനം

വികസനത്തിന് തടസ്സം നിൽക്കുന്ന വ്യാജ പ്രചരണങ്ങളും അനാവശ്യ സമരങ്ങളും ഇല്ലാതാക്കണമെന്ന് മന്ത്രി ജി.ആർ അനിൽ. വലിയ പദ്ധതികൾ തുടങ്ങാൻ നിരവധി കടമ്പകളാണ് നേരിടേണ്ടി വരുന്നതെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് പോത്തൻകോട് -മംഗലപുരം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന സംഘാടക സമിതി രൂപീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നിർമ്മാണം പൂർത്തിയാകുമ്പോൾ പോത്തൻകോടിൻറെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

RNU TVPM

## നവീൻ ബാബു- സിബിഐ അന്വേഷണം

കണ്ണൂർ മുൻ ADM നവീൻ ബാബുവിന്റെ മരണത്തിൽ CBI അന്വേഷണം ആവശ്യപ്പെട്ട് ഭാര്യ മഞ്ജുഷ നൽകിയ ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി അടുത്ത മാസം ഒൻപതിലേക്ക് മാറ്റി. പൊലീസ് അന്വേഷണത്തിൽ തൃപ്തിയില്ലെന്നാരോപിച്ചാണ് ഹർജി. നവീൻ ബാബുവിന്റെ മരണത്തിൽ നിലവിൽ നടക്കുന്ന അന്വേഷണം പ്രഹസനമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ആരോപിച്ചു.. കേസ് CBI അന്വേഷിക്കണമെന്നും അദ്ദേഹം പറവൂരിൽ മാധ്യമങ്ങളോടു പറഞ്ഞു. അതേസമയം ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ ഇന്ന് നവീൻ ബാബുവിൻറെ വീട് സന്ദർശിച്ചു.

&&&&&&&&&&&&&&&

## വോട്ടർ പട്ടിക

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം നാളെ അവസാനിക്കും. 17 വയസ്സ് പൂർത്തിയാക്കിയ എല്ലാവർക്കും പേര് ചേർക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അന്തിമ വോട്ടർപട്ടിക ജനുവരി ആറിന് പ്രസിദ്ധപ്പെടുത്തുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&

## ഗോവ- ചലച്ചിത്ര മേള

55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് നാളെ സമാപനമാകും. ഇന്ന് തപൻ സിൻഹയുടെ ഹാർമോണിയം ഉൾപ്പെടെ എഴുപതോളം സിനിമകളാണ് പ്രദർശിപ്പിക്കുന്നത്.

ഇന്ത്യൻ സിനിമയ്ക്കുള്ള തപൻ സിൻഹയുടെ സംഭാവനകൾ സംബന്ധിച്ച് ദ സ്പെക്ട്രം ആൻഡ് ദി സോൾ എന്ന പേരിൽ പാനൽ

RNU TVPM

ചർച്ച നടക്കും. രാജ് കപൂർ, മുഹമ്മദ് റാഫി, തപൻ സിൻഹ, അക്കിനേനി നാഗേശ്വര റാവു എന്നീ നാല് പ്രതിഭകളുടെ സംഭാവനകളെയാണ് ഇത്തവണത്തെ ചലച്ചിത്രമേളയിൽ ആഘോഷിക്കുന്നത്. ലതാ മങ്കേഷ്കർ അനുസ്മരണ ചർച്ചയും ഇന്ന് നടക്കും.

&&&&&&&&&&&&&&&

## <u>ശബരിമല (ഇൻട്രോ)</u>

ശബരിമല സന്നിധാനത്ത് പന്ത്രണ്ട് വിളക്ക് പ്രമാണിച്ച് ഇന്ന് ഭക്തജനത്തിരക്ക്. ഇന്ന് രാവിലെ ഒൻപതുവരെ ദർശനം നടത്തിയത് 29,226 തീർഥാടകരാണ്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ് ശ്രീധർ.....**

(വോയിസ്)

&&&&&&&&&&&&&&&

## <u>ഓച്ചിറ ഉത്സവം</u>

കൊല്ലം ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തിന് പന്ത്രണ്ട് വിളക്കോടെ ഇന്ന് സമാപനമാകും. സന്ധ്യയ്ക്ക് ആൽത്തറകളിലെ കൽവിളക്കുകളിൽ ദീപങ്ങൾ തെളിയിച്ചുള്ള ദീപാരാധന ദർശിച്ച് ഭക്തർ ഭജനം പാർക്കൽ പൂർത്തിയാക്കും.

&&&&&&&&&&&&&&&

## <u>ഇടുക്കി- വാഹന ട്രക്കിംഗ് (ഇൻട്രോ)</u>

മറയൂർ മേഖലയിലെ ഉൾപ്രദേശങ്ങളിലുള്ള പ്രധാന സ്ഥലങ്ങളെ ഉൾപ്പെടുത്തി വാഹന ട്രക്കിങ് ആരംഭിച്ചത് വിനോദ സഞ്ചാര

RNU TVPM

മേഖലയ്ക്ക് നേട്ടമായി. അഞ്ച് വർഷം കൊണ്ട് പതിൻമടങ്ങ് സഞ്ചാരികളാണ് മറയൂർ, കാന്തല്ലൂർ മേഖലയിലെത്തിയത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

## (വോയിസ്)

&&&&&&&&&&&&&&&

## <u>കാലാവസ്ഥ</u>

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടി മിന്നലോടു കൂടിയ മഴയ്ക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്. അതേസമയം ഫെംഗൽ ചുഴലിക്കാറ്റിൻറെ സാഹചര്യത്തിൽ ഇന്ന് തമിഴ്നാട്ടിലെ മൂന്ന് ജില്ലകളിലും പുതുച്ചേരിയിലെ ഒരു ജില്ലയിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. തമിഴ് നാട്, ആന്ധ്രാപ്രദേശ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കടലിൽ പോയ മത്സ്യത്തൊഴിലാളികൾ എത്രയും വേഗം ആഴക്കടലിൽ നിന്ന് തീരത്തേക്ക് മടങ്ങാനും നിർദേശം നൽകി.

PRUTVPM

&&&&&&&&&&&&&&&

## <u>ഐ.എസ്.എൽ</u>

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുഹമ്മദൻ എസ്.സി ബെംഗളൂരു എഫ്.സിയെ നേരിടും. വൈകുന്നേരം 7:30 ന് കൊൽക്കത്തയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ

എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് പഞ്ചാബ് എഫ്.സി, മുംബൈ സിറ്റിയെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&

## ഇന്ത്യൻ റെയിൽവേ

ഭിന്നശേഷിക്കാരായ യാത്രക്കാരുടെ സൗകര്യാർത്ഥം ഓൺലൈൻ കൺസഷൻ ഐഡൻ്റിറ്റി കാർഡ് അവതരിപ്പിച്ച് ഇന്ത്യൻ റെയിൽവെ. കൺസഷൻ കാർഡിനായുള്ള പുതിയ അപേക്ഷ സമർപ്പിക്കുന്നതിനും പുതുക്കുന്നതിനും ഭിന്നശേഷിക്കാർക്ക് റെയിൽവേ ഓഫീസുകൾ നേരിട്ട് സന്ദർശിക്കേണ്ട ആവശ്യമില്ല. divyangjanid.indianrail.gov.in. എന്ന വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം.

&&&&&&&&&&&&&&&

## സത്യപ്രതിജ്ഞാ ചടങ്ങ്

നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ചേലക്കരയിൽ നിന്നും വിജയിച്ച യു.ആർ. പ്രദീപ്, പാലക്കാട് നിന്നും വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ ഡിസംബർ 4ന് നടക്കും. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് ചടങ്ങ് നടക്കുക.

&&&&&&&&&&&&&&&

## പാസിംഗ് ഔട്ട് പരേഡ്

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് ശനിയാഴ്ച നടക്കും. ഇതിനു മുന്നോടിയായി പരിശീലനം നേടിയ

PNU TVPM

കേഡറ്റുകളുടെ ഔട്ട്ഡോർ ട്രെയിനിങ് പ്രദർശനം നാളെ അക്കാദമിയിൽ നടത്തും.

&&&&&&&&&&&&&&&

## കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻ്റെ ആഭിമുഖ്യത്തിൽ ശാസ്ത്രജ്ഞരും പൊതുജനങ്ങളും തമ്മിൽ നേരിട്ട് സംവദിക്കാൻ വേദിയൊരുക്കുന്ന കേരള സയൻസ് സ്ളാം ഇരുപത്തിനാലാം പതിപ്പ് ഈ മാസം 30 ന് മാങ്ങാട്ടുപറമ്പ കണ്ണൂർ സർവകലാശാല ക്യാംപസിൽ നടക്കും.

&&&&&&&&&&&&&&&

## സ്വർണം - ഓഹരി

രാജ്യത്ത് സ്വർണ വിലയിൽ വർധന. സ്വർണം പവന് 200 രൂപ വർധിച്ച് 56,840 രൂപയും ഗ്രാമിന് 25 രൂപ ഉയർന്ന് 7,105 രൂപയുമാണ് ഇന്നത്തെ വില.

RMUTVPM

&&&&&&&&&&&&&&&

## വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ്

നാഷണൽ യൂത്ത് ഫെസ്റ്റിവൽ 2025 ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് ജനുവരി 11, 12 തീയ്യതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. യുവ പ്രതിഭകളെ തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പരിപാടി വികസിത ഭാരതത്തിനായി ആശയങ്ങൾ പങ്കിടാനുള്ള വേദിയായി മാറും. യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നേരിട്ട് സംവദിക്കാനും ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള അവരുടെ

ആശയങ്ങൾ അവതരിപ്പിക്കാനുമുള്ള അവസരവും വികസിത് ഭാരത് യുവ നേതൃ സംഗമത്തിലൂടെ ലഭിക്കും.

&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&

RNU TVPM